(ഇ) ആയുർവേദത്തിൻ കീഴിൽ റിസർച്ച് മെത്തോഡോളജിയെക്കുറിച്ച് അദ്ധ്യാപകർക്ക് ട്രെയിനിംഗ് കൊടുക്കുന്നു. മറ്റു വൈദ്യശാസ്ത്ര മേഖലകളിൽ എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിക്കേണ്ടത് എന്നത് പരിശോധിച്ച് തീരുമാനിക്കേണ്ടതുണ്ട്.

മെഡിക്കൽ കോളേജുകളോടനുബന്ധിച്ച് സ്വകാര്യ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കുകൾ

130 (847) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ മെഡിക്കൽ കോളേജുകളോടനുബന്ധിച്ച് സ്വകാര്യ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കുകൾ ആരംഭിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഏതൊക്കെ മെഡിക്കൽ കോളേജുകളിലാണ് ഇത്തരം സ്വകാര്യ ബ്ലോക്കുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കാമോ ;

(സി) സർക്കാർ ഡോക്ടർമാരുടെ സേവനവും മെഡിക്കൽ കോളേജുകളുടെ സൗകര്യവും ഇതിനായി വിട്ടുകൊടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ഡി) സ്വകാര്യ ബ്ലോക്കുകൾ തുടങ്ങുന്നതിനുള്ള നിബന്ധനകൾ എന്തൊക്കെയാണെന്നറിയിക്കാമോ ;

(ഇ) ഇത് സംബന്ധിച്ച് ഏതെങ്കിലും സ്വകാര്യ ഗ്രൂപ്പുമായി സർക്കാർ കരാറിലേർപ്പെട്ടിട്ടുണ്ടോ ; വിശദവിവരം അറിയിക്കാമോ ?

ഉത്തരം

(എ) ഇക്കാര്യം പരിശോധിച്ചു വരികയാണ്.

(ബി-ഇ) പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടുകൂടി ആരോഗ്യരംഗത്ത് സ്വകാര്യ നിക്ഷേപകരുടെ സേവനം അനിവാര്യമാണ് എന്ന് തത്വത്തിൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ഇതിന്റെ ഫലമായി 18-1-2003-ൽ കൊച്ചിയിൽ നടന്ന ആഗോള നിക്ഷേപക സമ്മേളനത്തിൽ ചില സ്വകാര്യ നിക്ഷേപകരുമായി സർക്കാർ ധാരണാ പത്രത്തിൽ ഒപ്പുവെയ്ക്കുകയുണ്ടായി. എന്നാൽ ഇക്കാര്യത്തിൽ ലഭിച്ച ഓരോ പദ്ധതിയും സർക്കാർ പരിശോധിച്ച് വരികയാണ്. അന്തിമ തീരുമാനങ്ങളൊന്നും എടുത്തിട്ടില്ല. ഇതിൽ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയോടനുബന്ധിച്ച് 'സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക്' നിർമ്മിക്കുവാൻ "ഹോളിഡേ ഗ്രൂപ്പ് ഓഫ് കമ്പനീസ്"മായി 20 കോടി രൂപയുടെ ഒരു പദ്ധതിക്ക് സർക്കാർ ധാരണാ പത്രത്തിൽ ഒപ്പുവെയ്ക്കുകയുണ്ടായി. എന്നാൽ, മറ്റ് കാര്യങ്ങളെപ്പറ്റിയൊക്കെ വിശദമായി പരിശോധിച്ചുവരുന്നതേയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly